പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 14

# 2026-ലെ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 14

# 2026-ലെ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1313/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 14

# 2026-ലെ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. ജി.സ്റ്റീഫൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

കെട്ടിട നിർമ്മാണ മേഖലയിൽ തനത് സാങ്കേതികവിദ്യ ഉപയോഗിച്ചും അല്ലാതെയും ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സംസ്ഥാന - ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനത്തിനും ഭരണ സംയോജനത്തിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സർക്കാർ വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് സമയബന്ധിതമായി കൈമാറുന്ന സ്ഥാപനമായ കേരളത്തിലെ നിർമ്മിതി കേന്ദ്രങ്ങൾ, ഒരു സംസ്ഥാന നിർമ്മിതി കേന്ദ്രവും 14 ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമായി ഒരേ സ്വഭാവമുള്ള 15 സ്ഥാപനങ്ങളായാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ ഏകോപിച്ച് ഒരു പൊതുനിയമ വ്യവസ്ഥയിൽ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റുന്നത് എല്ലാ ജില്ലകളിലും സ്ഥാപനം മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് ഒരേ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും, ഭരണ പ്രക്രിയ ഏക സ്ഥാപനത്തിലൂടെ ലഘൂകരിക്കുവാനും, മികവുറ്റ സങ്കേതിക വിദ്യ ഉപയോഗിച്ച് എല്ലാ ജില്ലകളിലും വലിയ പ്രൊജക്ടുകൾ ചെലവ് കുറഞ്ഞ രീതിയിൽ ഏറ്റെടുത്ത് സമയബന്ധിതമായി ചെയ്ത് തീർക്കുവാനും കഴിയുമെന്നുള്ളതിനാലും, ഈ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് നിർമ്മിതി കേന്ദ്രങ്ങളുടെ സംയോജനം നടത്തുന്നത് യുക്തമായിരിക്കുകയാലും,

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1313/2026.

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന് "2026-ലെ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണ ബിൽ" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—(1) "സംസ്ഥാന നിർമ്മിതി കേന്ദ്രം" എന്നാൽ കേരള സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് മന്ത്രി ചെയർമാനായുള്ള ഗവേർണിംഗ് ബോഡിയും ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും നിയന്ത്രിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവും അവയുടെ റീജിയണൽ ഓഫീസുകളും എന്നർത്ഥമാകുന്നു.

(2) "ജില്ലാ നിർമ്മിതി കേന്ദ്രം" എന്നാൽ അതത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായി കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു.

(3)”സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(4)”അതോറിറ്റി" എന്നാൽ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി എന്നർത്ഥമാകുന്നു.

(5) “വിജ്ഞാപനം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

(6) “നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിന് കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. <u>കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണം.</u>—(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി "കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ ഭവന നിർമ്മാണ വകുപ്പിൽ നിന്നോ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നോ സംസ്ഥാന നിർമ്മിതികേന്ദ്രത്തിൽ നിന്നോ സർക്കാർ ചട്ട പ്രകാരം അധികം നിയമിക്കാവുന്നതാണ്.

4. അതോറിറ്റിയുടെ ഘടന.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയിൽ പത്തിൽ കുറയാതെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച ജഡ്ജി ചെയർമാൻ ആയിരിക്കണം.

(4) സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ മെമ്പർ സെക്രട്ടറി ആയിരിക്കണം.

(5) ധനകാര്യം, റവന്യൂ, ഭവന നിർമ്മാണം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കണം.

(6) പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ എന്നിവർ അതോറിറ്റിയിൽ എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കണം.

(7) അംഗങ്ങളിൽ രണ്ടു പേർ കെട്ടിട നിർമ്മാണ മേഖലയിൽ തെളിയിക്കപ്പെട്ട സംഭാവനകളോടു കൂടിയ സർക്കാർ നിർദേശിക്കുന്ന രണ്ട് പ്രമുഖ വ്യക്തികളോ, സന്നദ്ധ സംഘടന പ്രതിനിധികളോ ആയിരിക്കണം.

5. അതോറിറ്റിയുടെ കർത്തവ്യങ്ങൾ.—(1) സംസ്ഥാനത്ത് സമാന സ്വഭാവമുള്ള 15 സ്ഥാപനങ്ങൾ ആയി പ്രവർത്തിക്കുന്ന സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിൽ സേവനം ചെയ്തുവരുന്ന അഞ്ഞൂറിൽ അധികം ജീവനക്കാരുടെ അവകാശം സംരക്ഷിക്കുന്നതിനും അവർക്ക് ആവശ്യമായ തൊഴിൽ സുരക്ഷിതത്വവും സംരക്ഷണവും നൽകുക.

(2) സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ ഏകോപിപ്പിച്ച് ഒരു പൊതു നിയമ വ്യവസ്ഥയിൽ സർക്കാരിന്റെ പൂർണ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റിയാൽ ഉണ്ടാകുന്ന നേട്ടങ്ങൾ പരിശോധിക്കുക.

(3) മികവുറ്റ സാങ്കേതിക വിദ്യ ഉപയോഗിച്ച് ആവശ്യമായ ജില്ലകളിൽ വലിയ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനും സാങ്കേതിക ലാബുകൾ സ്ഥാപിക്കുക വഴി നിർമ്മാണ രംഗത്തെ

മറ്റ് സ്ഥാപനങ്ങൾക്കും പൊതു ജനങ്ങൾക്കും വളരെ കുറഞ്ഞ നിരക്കിൽ നിർമ്മാണ മേഖലയിലെ പരിശോധനകൾ നടത്താൻ കഴിയുമോ എന്ന് പരിശോധിക്കുക.

(4) നിർമ്മിതി കേന്ദ്രങ്ങളുടെ സംയോജനം സാധ്യമാക്കുന്നതിലൂടെ നിലവിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം ഇല്ലാതെ പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രത്തിന് സർക്കാർ ചുമതലപ്പെടുത്തുന്ന പ്രവൃത്തികൾ സംസ്ഥാനത്തുടനീളം അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക.

(5) സംസ്ഥാന സർക്കാരിന്റെ പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കുന്ന സ്ഥാപനം എന്നതിലൂടെ പുതിയതായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നതിനും സംസ്ഥാന-ജില്ലാ നിർമ്മിതികേന്ദ്രങ്ങളുടെ ഏകോപനത്തിലൂടെ സാധ്യമാകുമോ എന്ന് പരിശോധിക്കുക.

6. <u>അതോറിറ്റിയുടെ അധികാരങ്ങൾ</u>.—(1) ഈ അതോറിറ്റി സംസ്ഥാനതല അതോറിറ്റി ആയി പ്രവർത്തിക്കണം.

(2) ആവശ്യമുള്ള സമയത്തും സ്ഥലത്തും താത്കാലിക കേന്ദ്രങ്ങൾ സ്ഥാപിച്ച് ഇടപെടണം.

(3) ഈ അതോറിറ്റിക്ക് കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും തീർപ്പ് കൽപ്പിക്കുക.

(4) സർക്കാർ നിർദേശിക്കുന്നതും നിർണ്ണയിക്കപ്പെട്ടതുമായ കാലയളവിനുള്ളിൽ ആവശ്യമായ വിവരങ്ങൾ സമാഹരിച്ച് സർക്കാരിലേക്ക് നൽകുക.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാലുടൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതും നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതുമല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിൽ അധിക ചുമതല നൽകുന്നതിനും അധികാരം ഉണ്ടായിരിക്കും.

(3) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതോറിറ്റിയെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന വിദഗ്ധർ, പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(4) 7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറി, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതകളോടു കൂടിയതും അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നിയമിക്കേണ്ടതുമാണ്.

(5) റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം അതോറിറ്റിയുടെ ഭരണം നിർവ്വഹിക്കുന്നതിനും അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനും ചെയർമാനോ അതോറിറ്റിയോ ഏൽപ്പിക്കാവുന്ന ഏതെങ്കിലും കാര്യത്തിന്റെ നടത്തിപ്പിനും സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

8. <u>അതോറിറ്റിയിലെ അംഗങ്ങളുടെ കാലാവധിയും സേവന വേതന വ്യവസ്ഥകളും</u>.—(1) അതോറിറ്റിയിലെ അംഗങ്ങളുടെ കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ്. എന്നാൽ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം കാലാവധി അങ്ങനെയുള്ള കാലയളവിലേയ്ക്ക് നീട്ടി നൽകാവുന്നതാണ്.

(2) എക്സ്-ഒഫീഷ്യോ അംഗം ഒഴികെയുള്ള ഏതൊരു അംഗത്തിനും സ്വന്തം കൈപ്പടയിൽ സർക്കാരിലേയ്ക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്. എന്നാൽ, രാജിക്കുള്ള നോട്ടീസ് നൽകിയ ഒരംഗം, അദ്ദേഹത്തിന്റെ രാജി സർക്കാർ അംഗീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതാണ്. എന്നുമാത്രമല്ല, അങ്ങനെയുള്ള ഒഴിവിൽ നിയമിക്കപ്പെടുന്നയാൾ ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ കെട്ടിട നിർമ്മാണ മേഖല വലിയ മാറ്റങ്ങളിലൂടെയും ആധുനിക നിർമ്മാണ രീതികളിലൂടെയുമാണ് കടന്നുപോകുന്നത്. സംസ്ഥാന കെട്ടിട നിർമ്മാണ മേഖലയിൽ തനതു സാങ്കേതിക വിദ്യ ഉപയോഗിച്ചും അല്ലാതെയും ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയാണ് നിർമ്മിതി കേന്ദ്രങ്ങൾ. ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് 15 വ്യത്യസ്ത സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികളിലും അവ നടപ്പിലാക്കുന്നതിലും ഒരു പൊതുവായ രീതി സ്വീകരിക്കുന്നുണ്ടെങ്കിലും നിർമ്മിതി കേന്ദ്രങ്ങളുടെ രൂപീകരണ കാലം മുതൽ ഇന്നു വരെ സമാന സ്വഭാവമുള്ള വ്യത്യസ്ത സ്ഥാപനങ്ങളായി നിലകൊള്ളുന്നു. സർക്കാർ പദ്ധതികളുൾപ്പെടെ വിവിധ വകുപ്പുകളുടേയും പ്രോജക്ടുകൾ ഏറ്റെടുത്ത് കുറ്റമറ്റ രീതിയിൽ സമയ ബന്ധിതമായി ചെയ്ത് തീർക്കുവാൻ ശേഷിയുള്ള സാങ്കേതിക ജീവനക്കാർ ഉൾപ്പെടെ അഞ്ഞൂറിലധികം ജീവനക്കാർ ജോലി ചെയ്യുന്ന ഈ സ്ഥാപനങ്ങളെ ഒരു പൊതുവായ

നിയമ വ്യവസ്ഥയിൽ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പൂർണ്ണമായ നിയന്ത്രണത്തിലുള്ള ഒറ്റ സ്ഥാപനമാക്കി മാറ്റേണ്ടതുണ്ട്. പൂർണ്ണമായും ഒരു സർക്കാർ സ്ഥാപനം എന്ന രീതിയിലാണ് നിർമ്മിതി കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രത്യേകതയാണ്. സ്ഥാപനങ്ങളുടെ സംയോജനത്തിലൂടെ ഒറ്റ അക്രഡിറ്റേഷനിലൂടെ തന്നെ കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തി ഏറ്റെടുക്കാനും നേരിട്ടും അല്ലാതെയും പുതിയതായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും. അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ തന്നെ നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനം സാധ്യമാക്കുവാൻ കഴിയും എന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്. ഈ ലക്ഷ്യം നിറവേറ്റുന്നതാണ് 2026-ലെ കേരള നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനവും ഭരണ സംയോജനവും സംബന്ധിച്ച അതോറിറ്റി രൂപീകരണ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

കേരളത്തിലെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെയും ഏകോപനവും ഭരണ സംയോജനവും എന്ന ലക്ഷ്യം നേടുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവുകൾ അവ പ്രവർത്തനക്ഷമമായ ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എങ്കിലും പ്രാരംഭത്തിൽ അതിലേയ്ക്കായി ഇരുപത്തഞ്ച് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അവ നടപടിക്രമങ്ങളെ സംബന്ധിക്കുന്നതും സാധാരണവും ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതും ആയ കാര്യങ്ങൾക്ക് വേണ്ടിയാണ് . കൂടാതെ ചട്ടങ്ങൾ സംബന്ധിക്കുന്ന വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ശ്രീ. ജി.സ്റ്റീഫൻ, എം.എൽ.എ.